FRIDAY 11/10/2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: Editor:



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
Dr. Binu Harriet Ivan

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/10/2024

1. കർഷകർക്കായി വിവിധ കാർഷിക യന്ത്രോപകരണങ്ങളിൽ (ട്രാക്ടർ, പവർ ടില്ലർ, ഞാറ് നടീൽ യന്ത്രം, ഗാർഡൻ ടില്ലർ, പുല്ലുവെട്ടി യന്ത്രം, മരം മുറിക്കുന്ന യന്ത്രം. തെങ്ങുകയറ്റ യന്ത്രം) പ്രവൃത്തി പരിചയം നേടുന്നതിനും, അവയുടെ റിപ്പയർ, മെയിൻ്റനൻസ്, ഓപ്പറേഷൻ എന്നീ വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിരിക്കുകയാണ്. കാർഷിക മേഖലയിൽ ഇത്തരം പരിശീലനത്തിന് താത്പര്യം ഉള്ളവരെ മാത്രം പരിഗണിച്ചുകൊണ്ട് 2024 ഒക്ടോബർ 17 മുതൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ ഓരോ ബാച്ചിലും 30 പേർ അടങ്ങുന്ന 5 ബാച്ചുകളായി റസിഡൻഷ്യൽ ട്രെയ്നിംഗ് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. പരിശീലനാർത്ഥികൾക്ക് താമസവും, ഭക്ഷണവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്, കേരളത്തിലെ 14 ജില്ലകളിൽ നിന്നും പരിശീലനത്തിന് താത്പര്യമുള്ളവർ 0471-2481763, 9383470315 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കാർഷിക സർവ്വകലാശാല പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ക്യാബേജ്, കോളിഫ്ളവർ തൈകൾ 3 രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481.

3. റബ്ബർബോർഡിന്റെ കീഴിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻഐആർടി)-ൽ താൽക്കാലികാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവുകളെ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' 2024 ഒക്ടോബർ 28-ന് രാവിലെ 10 മണിക്ക് നടത്തുന്നു. കരാർ അടിസ്ഥാനത്തിൽ 11 മാസത്തേക്കായിരിക്കും നിയമനം. കൂടു

തൽ വിവരങ്ങൾക്ക് 0481 2353325 എന്ന ഫോൺ നമ്പറിലോ www.rubberboard.gov.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

4. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 21 മുതൽ 25 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കായി നടക്കുന്ന ''ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്.പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഒക്ടോബർ 19 ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന . കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിന ബത്തയും ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 - 2440911. മേൽവിലാസം :ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004. Email ID: principaldtctvm@gmail.com

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'ചെറുതേനീച്ച വളർത്തൽ' എന്ന വിഷയത്തിൽ 2024 ഒക്ടോബർ മാസം 16,17 തീയതികളിൽ 2 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട് ഡെയറി സയൻസ് ടെക്നോളജി കോളേജിൽ 2024 ഒക്ടോബർ 17, 18 തീയതികളിൽ **ക്ഷീരോൽപ്പന്നനിർമ്മാണത്തിൽ ശാസ്ത്രീയമായ പരിശീലനം** നൽകുന്നു. ചീസ്, നെയ്യ്, യോഗർട്ട് എന്നീ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലാണ് പരിശീലനം നൽകുന്നത്. രജിസ്ട്രേഷൻ ഫീസ് 2000/- രൂപ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക-ഫോൺ: 9400587443, 9895636751

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ മാസം 16,17 തീയതികളിൽ **ആടുവളർത്തൽ** എന്ന വിഷയത്തിലും 23, 24 തീയതികളിൽ **പശുവളർത്തൽ** എന്ന വിഷയത്തിലും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഒക്ടോബർ 16 മുതൽ 18 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം